ട്രഷറികളിലെ കമ്പ്യൂട്ടർവൽക്കരണം

24 [1741] ശ്രീ. ടി. എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ട്രഷറികൾ എല്ലാം കമ്പ്യൂട്ടർവത്ക്കരിച്ചുകഴിഞ്ഞോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) എല്ലാ സബ്ട്രഷറികളിലും ഡിസ്ട്രിക്ട് ട്രഷറിയുമായും ട്രഷറി ഡയറക്ടറേറ്റുമായും സെക്രട്ടേറിയറ്റുമായും ബന്ധിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ ;

(സി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ 189 ട്രഷറികളിൽ കട്ടപ്പന ട്രഷറി ഒഴികെ 188 ട്രഷറികൾ കമ്പ്യൂട്ടർവൽക്കരിച്ചുകഴിഞ്ഞു. ഈ ട്രഷറികളിൽ എല്ലാം ഓൺലൈൻ സംവിധാനത്തിലൂടെയാണ് ഇടപാടുകൾ നടക്കുന്നത്.

(ബി) സബ്ട്രഷറികളിൽ നിന്നുള്ള വിവരങ്ങൾ ഫ്ളോപ്പികളിലാക്കി ജില്ലാ ട്രഷറികളിലും അവിടെനിന്ന് ട്രഷറി ഡയറക്ടറേറ്റിലേക്കും ഇപ്പോൾതന്നെ നൽകിവരുന്നുണ്ട്.

(സി) ട്രഷറി കമ്പ്യൂട്ടറൈസേഷൻ സാങ്കേതിക കമ്മിറ്റിയുടെ നിർദ്ദേശാനുസരണം ട്രഷറികളും ഡിസ്ട്രിക്ട് ട്രഷറികളും ഡയറക്ടറേറ്റും സെക്രട്ടേറിയറ്റും ഒരു ഡയൽ അപ് നെറ്റ്വർക്കിലൂടെ ബന്ധിപ്പിക്കുന്നതിന് ഭരണാനുമതി നൽകിക്കഴിഞ്ഞു.

വില്പന നികുതി വകുപ്പിലെ ഒഴിവുകൾ

25 [1742] ശ്രീ. ഇ. എം. അഗസ്തി :

ശ്രീമതി ശോഭനാ ജോർജ് :

ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വില്പന നികുതി വകുപ്പിൽ എത്ര അസിസ്റ്റന്റ് കമ്മീഷണർമാരുടെയും ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണർമാരുടെയും തസ്തിക ഒഴിവുണ്ട് ;

(ബി) നികുതി നിർണ്ണയത്തിലും നികുതി കേസ്സുകളുടെ നിർണ്ണയത്തിലും പ്രസ്തുത ഒഴിവുകൾ നികത്താത്തതുമൂലം എന്തെങ്കിലും ബുദ്ധിമുട്ട് ഉണ്ടാകുന്നുണ്ടോ;

(സി) എങ്കിൽ ഈ ഒഴിവുകൾ നികത്തുന്നതിലുള്ള കാലതാമസത്തിന് കാരണമെന്ത് എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അസിസ്റ്റന്റ് കമ്മീഷണർമാരുടെ 39 ഒഴിവുകളും ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണർമാരുടെ 6 ഒഴിവുകളും ഉണ്ട്.

(ബി) നികുതി നിർണ്ണയത്തിലും നികുതി കേസ്സുകളുടെ നിർണ്ണയത്തിലും ബുദ്ധിമുട്ട് ഉണ്ടാകാതിരിക്കാൻ മറ്റുള്ള ഉദ്യോഗസ്ഥർക്ക് അധിക ചുമതല നൽകി പ്രകരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) വിവിധ കോടതി ഉത്തരവുകൾ പ്രകാരം അസിസ്റ്റന്റ് സെയിൽസ് ടാക്സ് ഓഫീസർ, സെയിൽസ് ടാക്സ് ഓഫീസർ, അസിസ്റ്റന്റ് കമ്മീഷണർ, ഡെപ്യൂട്ടി കമ്മീഷണർ എന്നീ തസ്തികകളിലെ സീനിയോരിറ്റി പുനർനിർണ്ണയം ചെയ്ത ശേഷമേ അസിസ്റ്റന്റ് കമ്മീഷണർ, ഡെപ്യൂട്ടി കമ്മീഷണർ എന്നീ തസ്തികകളിലേക്കുള്ള നിയമനം നടത്താൻ കഴിയുകയുള്ളൂ. അതിനാലാണ് ഒഴിവുകൾ നികത്താൻ കാലതാമസം നേരിടുന്നത്.

സർക്കാരിന്റെ കടബാദ്ധ്യതയും റവന്യൂ കമ്മിയും

26 [1743] ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്ന സമയത്ത് പുറത്തിറക്കിയ ധവളപത്രമനുസരിച്ച് സംസ്ഥാനത്തിന്റെ പൊതു കടബാദ്ധ്യത എത്രയായിരുന്നു.;

(ബി) പ്രസ്തുത ധവളപത്രത്തിന്റെ നിർദ്ദേശമനുസരിച്ചും സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റ് പ്രഖ്യാപനങ്ങളനുസരിച്ചും സംസ്ഥാനത്തിന്റെ കടബാദ്ധ്യതയും റവന്യൂ കമ്മിയും 2005 മാർച്ച് 31-ന് എത്രയായി കുറയ്ക്കുമെന്നാണ് അറിയിച്ചിരുന്നത് ;

(സി) സാമ്പത്തിക ഉത്തരവാദിത്ത നിയമമനുസരിച്ച് റവന്യൂ കമ്മി തീർത്തും ഏത് സാമ്പത്തിക വർഷംകൊണ്ട് ഇല്ലാതാകുമെന്നാണ് വ്യവസ്ഥ ചെയ്തിരുന്നത് ;

(ഡി) 2003-04 സാമ്പത്തിക വർഷത്തിലും 2005 ജനുവരി 31 വരെയും ഉള്ള സംസ്ഥാനത്തിന്റെ പൊതു കടബാദ്ധ്യതയും റവന്യൂ കമ്മി ശതമാനവും എത്ര വീതമാണെന്ന് വെളിപ്പെടുത്താമോ ;

(ഇ) സർക്കാരിന്റെ പ്രഖ്യാപിത കണക്കുകളും യഥാർത്ഥ കണക്കുകളും തമ്മിൽ ഉണ്ടായിട്ടുള്ള അന്തരത്തിന് കാരണമെന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) യു. ഡി. എഫ്. സർക്കാർ പുറത്തിറക്കിയ ധവളപത്രമനുസരിച്ച് 1999-2000-ൽ സംസ്ഥാനത്തിന്റെ പൊതു കടബാദ്ധ്യത 20,176 കോടി രൂപയായിരുന്നു. പക്ഷേ 31-3-2001-ൽ കടബാദ്ധ്യത 23,919 കോടി രൂപയായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly